**പതിനാലാം കേരളനിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4806** 14/ 11/ 2019 ലെ മറുപടി

**എസ്.എസ്.എൽ.സി, ഹയർ സെക്കന്ററി, വി.എച്ച്.എസ്.സി. പരീക്ഷകൾ ഒരുമിച്ച നടത്തുന്നത് സംബന്ധിച്ച്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ്: | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്ത് 2020 മാർച്ചിലെ എസ്.എസ്.എൽ.സി, ഹയർ സെക്കന്ററി, വി.എച്ച്.എസ്.സി. പരീക്ഷകൾ ഒരുമിച്ച നടത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) ഉണ്ട്. 2020 മാർച്ചിലെ പ്ലസ്ടു/ എസ്.എസ്.എൽ.സി പരീക്ഷകൾ ഒന്നിച്ച് നടത്തുവാൻ തീരുമാനമായിട്ടുണ്ട്. |
| (ബി) ഇത്തരത്തിൽ ഇടകലർത്തി മൂന്ന പൊതു പരീക്ഷകൾ ഒന്നിച്ച് നടത്തുന്നതിന്റെ പ്രായോഗിക ബുദ്ധിമുട്ട് എങ്ങനെ പരിഹരിക്കാമെന്ന് വ്യക്തമാക്കാമോ; | (ബി) 3 വിഭാഗങ്ങളിലെയും പരീക്ഷ സെക്രട്ടറിമാരുടെ നേതൃത്വത്തിൽ 3 പരീക്ഷകളും പ്രായോഗിക ബുദ്ധിമുട്ടുകളില്ലാതെ ഒരുമിച്ച നടത്തുന്നതിനു ആവശ്യമായ ക്രമീകരണങ്ങൾ നടപ്പിലാക്കി വരുന്നു. |
| (സി) എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളുടെ സമയ ദൈർഘ്യം വ്യത്യസ്തമായതിനാൽ ചോദ്യപേപ്പറുകളുടെ വിതരണം, പരീക്ഷ അവസാനിക്കുന്ന സമയം തുടങ്ങിയ കാര്യങ്ങളിൽ പരീക്ഷ ഹാളിൽ ഉണ്ടാകാൻ സാധ്യതയുള്ള ആശയക്കുഴപ്പം പരിഹരിക്കാൻ സർക്കാർ ചെയ്യാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ വ്യക്തമാക്കാമോ; | (സി) ചോദ്യപേപ്പറുകളുടെ വിതരണം, സമയദൈർഘ്യം, ഉത്തരകടലാസുകൾ ശേഖരിക്കൽ എന്നിവ സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ജില്ല വിദ്യാഭ്യാസ ഓഫീസർമാർക്കും, ചീഫ് സൂപ്രണ്ടുമാർക്കും, ഇൻവിജിലേറ്റേഴ്സിനും നൽകുന്നതാണ്. |

| | | |
|---|---|---|
| (ഡി) | ഒന്നിച്ച് മൂന്ന് പരീക്ഷകൾ നടത്തുമ്പോൾ പരീക്ഷാ ചീഫ് സൂപ്രണ്ട്, ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട് എന്നിവരെ നിയമിക്കുന്ന രീതി എങ്ങനെയായിരിക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) ഓരോ വിഭാഗത്തിനും പ്രത്യേകം പ്രത്യേകം ചീഫ് സൂപ്രണ്ടും ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടും ഉണ്ടായിരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ